TB Movie Panel Weekly Review

**#moviepanel**

Mimi (2021)

Written By : Sajan Ramanandan

രണ്ടോ മൂന്നോ ആഴ്ച മുമ്പാണ് A R Rahman ഇങ്ങനൊരു പടത്തിന് മ്യൂസിക് ചെയ്യുന്നുണ്ട് എന്നറിഞ്ഞത്. ടീസറിൽ ആണ് ആദ്യമായി അതിന്റെ പാട്ടിന്റെ, ബിജിഎം ന്റെ ബിറ്റ് കേൾക്കുന്നത്. റീമേക്ക് രാജാവ് ആയ തനിഷ്ക് ബാഗ്ച്ചി ഒരുക്കിയ പാട്ട് ഉൾപ്പടെ അഞ്ച് റീമേക്ക് പാട്ടുകൾ മാത്രമായി മുൻസിനിമ ചെയ്ത ലക്ഷ്മൺ ഉടെകർ സംവിധാനം ചെയ്യുന്ന പുതിയ സിനിമയിൽ റഹ്മാൻ എത്തുന്നത് എനിക്ക് സന്തോഷവും ആകാംഷയും ഉണ്ടാക്കി. ലുക്കാ ചുപ്പി എന്ന മുൻസിനിമയിൽ റീമേക്ക് പാട്ടുകൾ മാത്രം ഉൾപ്പെടുത്തിയിരുന്ന സംവിധായകൻ പൂർണമായും ഒറിജിനൽ പാട്ടുകളുമായി, അതും മുൻതലമുറയിലെ സംഗീതസംവിധായകനുമായി ഒന്നിക്കുക. ആദ്യം ഇറങ്ങിയ ഐറ്റം സോങ് ഗണത്തിൽ പെട്ട പരം സുന്ദരി യൂട്യൂബിൽ ഇറങ്ങിയ അന്ന് അമ്പത് തവണയെങ്കിലും കണ്ട് കാണണം. റിഹായി ദേ (റഹ്മാന്റെ ശബ്ദത്തിൽ pathos, ഞാൻ തീർന്നെടാ തീർന്ന്), ഫുൽഛഡിയോ, ഹുത്തുതു, Rockabye baby പ്രിയം പിടിച്ചു പറ്റി. ലിസ്റ്റിൽ അങ്ങ് കേറിപ്പറ്റാതെ പോയത് യാനെ യാനെ യും, ഛോട്ടി സി ചിഡിയ എന്നിവയായിരുന്നു. അതിൽ കൈലാഷ് ഖേറിന്റെ ഛോട്ടി സി ചിഡിയ സിനിമയ്ക്കിടെ കണ്ടിരിക്കുമ്പോൾ കണ്ണ് നിറയുന്നത് നിയന്ത്രിക്കുകയായിരുന്നു ഞാൻ. എന്റെ പിന്നിൽ വീട്ടിലെ മറ്റ് അംഗങ്ങൾ നിറഞ്ഞ കണ്ണുകളോടെ ഇരിക്കുന്നത് എനിക്ക് കാണാമായിരുന്നു. സിനിമയോട് വളരെ ചേർന്ന് നിൽക്കുന്ന, വൈകാരിക വേലിയേറ്റങ്ങൾ കൃത്യമായി അടയാളപ്പെടുത്തുന്ന, ഒറിജിനൽ പാട്ടുകൾ മാത്രമുള്ള ഒരു സിനിമ ആൽബം. ഹിറ്റ് ചാർട്ടുകളിലും പാട്ടുകൾ സ്ഥാനം പിടിച്ചെന്നതും സന്തോഷം.

ഇനി സിനിമ. Surrogacy ആണ് വിഷയം. ട്രൈലെർ കണ്ടിട്ടുണ്ടെങ്കിൽ, കഥ അത് തന്നെ. മലയാളികൾക്ക് ഈ വിഷയം ദശരഥം, ലക്കി സ്റ്റാർ എന്നീ സിനിമകൾ വഴി പരിചിതം ആണ്. Malai Aai Vhaaychay എന്ന 2011 ൽ ഇറങ്ങിയ മറാത്തി സിനിമയുടെ റീമേക്ക് ആണ് മിമി. കൃതി സാനോൻ ആണ് നായിക. സാധാരണ അർബൻ, മോഡേൺ വേഷങ്ങൾ ചെയ്യുന്ന കൃതിയ്ക്ക് മികച്ച അഭിനയം കാഴ്ച വയ്ക്കാൻ സാധ്യതയുള്ള, സിനിമയുടെ വൈകാരിക വളർച്ചകൾ ഏറെക്കുറെ പൂർണമായും അവരുടെ കഥാപാത്രത്തിലൂടെ പോകുന്ന രീതിയിൽ ഉള്ള അപൂർവം അവസരമാണ്. അവസരം അവർ മികച്ച രീതിയിൽ ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. അത് കഴിഞ്ഞാൽ, നായകൻ അല്ലെങ്കിൽ പോലും നായകന് തുല്യമെന്ന ഉത്തരവാദിത്തം തോളിൽ ഏറ്റിയിരിക്കുന്നത് പങ്കജ് ത്രിപാഠി

ആണ്. എന്ത് അനായാസവും മനോഹരവുമാണ് അയാൾ സീനിൽ ഉള്ള ഓരോ നിമിഷവും. ഇവർക്ക് ശേഷം സിനിമയെ മികച്ച അനുഭവം ആക്കുന്നത് സപ്പോർട്ടിങ് കാസ്റ്റ് ആണെന്ന് പറയാം. സായി തമാങ്കർ, വളരെ subtle ആയ, വൈകാരികമായി പല തലങ്ങൾ ഉള്ള കഥാപാത്രത്തെ കയ്യടക്കത്തോടെ അവതരിപ്പിച്ചു. മറ്റ് ഉപകഥാപാത്രങ്ങൾ ആയെത്തിയ മനോജ് പാഹവ, സുപ്രിയ പാഥക്ക്, ജയ ഭട്ടാചാര്യ, തുടങ്ങി വിദേശികൾ ആയ ഏവ്‌ലിൻ, ഐഡൻ, ജേക്കബ് സ്മിത്ത് (മിമിയുടെ മകൻ രാജ് ആയെത്തിയ സ്കോട്ടിഷ് കുട്ടി) ഉൾപ്പെടെ എല്ലാവരും മികച്ച അഭിനയം കാഴ്ച വച്ചു. സാധാരണ വിദേശ അഭിനേതാക്കൾ ചെറുതായി എങ്കിലും പാളിപ്പോകാറുണ്ട്, ഇതിൽ അവരുടെ പ്രകടനങ്ങൾ വളരെ മിതത്വം നിലനിർത്തി.

ലക്ഷ്മൺ ഉടെകർ ഒരു ഛായാഗ്രാഹകൻ ആയതിനാൽ ആകണം, സിനിമയുടെ ദൃശ്യങ്ങളും, കളർ ടോണും മികച്ച അനുഭവം ആയിരുന്നു. ആകാശ് അഗർവാൾ ആണ് ക്യാമറ കൈകാര്യം ചെയ്തിരിക്കുന്നത്. ശീതൾ ശർമ്മയുടെ വസ്ത്രാലങ്കാരവും പ്രത്യേകം അഭിനന്ദനങ്ങൾ അർഹിക്കുന്നു. പല്ലവി, നിലേഷ് വിശ്വകർമ എന്നിവർ ചേർന്നാണ് ആർട്ട് ഡയറക്ഷൻ, എഡിറ്റിങ് മനീഷ് പ്രധാൻ. സംവിധായകന് ഒപ്പം രോഹൻ ശങ്കറും ചേർന്നാണ് തിരക്കഥ. മികച്ച സംഭാഷണങ്ങളും, കോമഡിയും, വൈകാരിക രംഗങ്ങളും, മികച്ച പശ്ചാത്തലസംഗീതവും എല്ലാം ചേർന്ന് ഒരു ഇമോഷണൽ റോളർക്കോസ്റ്റർ ആണ് സിനിമ. ഇതൊക്കെ പറയുമ്പോഴും ഇടയ്ക്കൊക്കെ സിനിമ പൂർണമായും ഉപരിപ്ലവമായ വൈകാരികതയിൽ ഒതുങ്ങി പോകുന്നില്ലേ എന്ന സംശയവും ഉളവാക്കുന്നുണ്ട്. ഇസ്ലാമോഫോബിയ പ്രകടിപ്പിക്കുന്ന നിമിഷങ്ങളും എഴുന്നു നിൽക്കുന്നുണ്ട്. അബോർഷനെ കുറിച്ചും one dimensional/ skewed emotions പ്രകടിപ്പിക്കുന്നുണ്ട് സിനിമ. സിനിമയുടെ വൈകാരികതയെ, കഥാപാത്രത്തിന്റെ വൈകാരിക പോരാട്ടത്തെ, കൂടുതൽ കരുത്തോടെ കാണിക്കാൻ ഉള്ള ഗിമ്മിക്ക് ആണെങ്കിലും അത് അനാവശ്യമായി അനുഭവപ്പെട്ടു. ഈ പറഞ്ഞവയും ഇത്തരം കഥകൾക്ക് പറഞ്ഞു പറഞ്ഞ് വരുമ്പോൾ ഉണ്ടാകുന്ന പരിചിതത്വം നിറഞ്ഞ വഴികളും ഉൾക്കൊള്ളാൻ കഴിയുമെങ്കിൽ, അവസാനം നിറവുള്ള മനസ്സുമായി കണ്ടവസാനിപ്പിക്കാൻ പറ്റുന്ന സിനിമാനുഭവമാണ് Mimi. എന്നിട്ട് ജൂലിയ ഗാർത്തയും, ഖദീജ റഹ്മനും Rock A Bye Baby പാടുമ്പോൾ ആ end credits വെറുതെ കുറച്ച് ഓടിപ്പോകാൻ അനുവദിക്കാം.